**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2835** **24-02-2026 - ൽ മറുപടിയ്ക്ക്**

**പെരിഞ്ചേരി കടവ് റെഗുലേറ്റർ- കം- ബ്രിഡ്ജ് പ്രവൃത്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | പെരിഞ്ചേരി കടവ് റെഗുലേറ്റർ -കം- ബ്രിഡ്ജ് പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാക്കാൻ സാധിക്കുമെന്ന് അറിയിക്കുമോ; | (എ) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07.09.2019-ന് ₹68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07.09.2020-ന് നടപ്പിലാക്കി.<br><br>എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ): ₹57,03,22,025.00<br>കരാർ തുക (ജി.എസ്.ടി. ഒഴികെ): ₹61,13,34,133.00<br>കരാറുകാരൻ: ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്<br>കരാർ കാലാവധി: 18 മാസം<br><br>പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബട്ട്മെന്റും, ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും:<br><br>5 മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കുന്നതിന് സാധിക്കും.<br><br>ചെറുവണ്ണൂർ, വേളം പഞ്ചായത്തുകളെ പാലം മുഖേന ബന്ധിപ്പിക്കുന്നു.<br><br>ഉപ്പു വെള്ളം കയറുന്നത് തടയുന്നു. |

| | | | |
|---|---|---|---|
| | | | ഭൂഗർഭ ജലലഭ്യത ഉറപ്പാക്കുന്നു.<br><br>കൃഷിയിടങ്ങളിൽ ജല ലഭ്യത ഉറപ്പാക്കുന്നു.<br><br>പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ റിംഗ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.<br><br>കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. 29.01.2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണ്. |
| (ബി) | പെരിഞ്ചേരി കടവ് റെഗുലേറ്റർ- കം -ബ്രിഡ്ജ് പ്രവൃത്തിക്കായി അനുവദിച്ച തുക എത്രയെന്നും പ്രസ്തുത പ്രവൃത്തിയുടെ ഭാഗമായി എന്തൊക്കെ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്നും വിശദമാക്കാമോ; ഈ പ്രവൃത്തി നടപ്പിലാക്കുന്നതിലൂടെ ഉണ്ടാകുന്ന പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | (ബി) | കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07.09.2019-ന് ₹68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07.09.2020-ന് നടപ്പിലാക്കി. |

| | |
|---|---|
| എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ) | ₹57,03,22,025.00 |

| | |
|---|---|
| കരാർ തുക (ജി.എസ്.ടി. ഒഴികെ) | ₹61,13,34,133.00 |
| കരാറുകാരൻ | ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ് |
| കരാർ കാലാവധി | 18 മാസം |

പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബട്ട്മെന്റും, ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും:

5 മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കുന്നതിന് സാധിക്കും.

ചെറുവണ്ണൂർ, വേളം പഞ്ചായത്തുകളെ പാലം മുഖേന ബന്ധിപ്പിക്കുന്നു.

ഉപ്പ് വെള്ളം കയറുന്നത് തടയുന്നു.

ഭൂഗർഭ ജലലഭ്യത ഉറപ്പാക്കുന്നു.

കൃഷിയിടങ്ങളിൽ ജല ലഭ്യത ഉറപ്പാക്കുന്നു.

പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ റിംഗ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.

കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ച് പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള പുതുക്കിയ

<table>
<tr>
<td></td>
<td></td>
<td></td>
<td>
എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. 29.01.2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.
പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണ്.
</td>
</tr>
<tr>
<td>(സി)</td>
<td>പ്രസ്തുത പ്രവൃത്തിയുടെ കരാർ കാലാവധി സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുമോ; എത്ര തുകയ്ക്കാണ് ഈ പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളത് എന്ന് വിശദമാക്കുമോ?</td>
<td>(സി)</td>
<td>
കേരള ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ഐ.ഐ.ഡി.സി) മുഖേന കോഴിക്കോട് ജില്ലയിൽ നടപ്പിലാക്കി വരുന്ന നിർമ്മാണ പദ്ധതിയാണ് പെരിഞ്ചേരിക്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ്. കിഫ്ബിയിൽ നിന്ന് 07.09.2019-ന് ₹68.36 കോടി രൂപയുടെ സാമ്പത്തിക അനുമതി ലഭിച്ച പ്രസ്തുത പദ്ധതി കെ.ഐ.ഐ.ഡി.സി. ടെൻഡർ ചെയ്ത് കരാർ 07.09.2020-ന് നടപ്പിലാക്കി.
<table>
<tr><td>എസ്റ്റിമേറ്റ് തുക (ജി.എസ്.ടി. ഒഴികെ)</td><td>₹57,03,22,025.00</td></tr>
<tr><td>കരാർ തുക (ജി.എസ്.ടി. ഒഴികെ)</td><td>₹61,13,34,133.00</td></tr>
<tr><td>കരാറുകാരൻ</td><td>ജോയിന്റ് വെഞ്ചർ: ടി.ബി.എ.എസ്. & ഇ.കെ.കെ. ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്</td></tr>
<tr><td>കരാർ കാലാവധി</td><td>18 മാസം</td></tr>
</table>
പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ നിലവിൽ 30% പൂർത്തീകരിച്ചിട്ടുണ്ട്. ഇടതുകരയിലെ സംരക്ഷണ ഭിത്തിയും, ഒരു പിയറും, അബട്ട്മെന്റും, ഇടതുകരയിലെ പൈലിംഗ് പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് വഴി താഴെ പറയുന്ന പ്രയോജനങ്ങൾ ലഭിക്കും:
5 മീറ്റർ ഉയരത്തിൽ വെള്ളം സംഭരിക്കുന്നതിന് സാധിക്കും.
ചെറുവണ്ണൂർ, വേളം പഞ്ചായത്തുകളെ പാലം മുഖേന ബന്ധിപ്പിക്കുന്നു.
ഉപ്പ് വെള്ളം കയറുന്നത് തടയുന്നു.
ഭൂഗർഭ ജലലഭ്യത ഉറപ്പാക്കുന്നു.
</td>
</tr>
</table>

| | | | |
|---|---|---|---|
| | | | കൃഷിയിടങ്ങളിൽ ജല ലഭ്യത ഉറപ്പാക്കുന്നു.<br><br>പദ്ധതി പ്രദേശത്തെ സ്ഥിതി കണക്കിലെടുത്ത് പദ്ധതിയ്ക്ക് അനുയോജ്യമായ റിംഗ് ബണ്ട് നിർമ്മിച്ചാണ് പ്രവൃത്തി ആരംഭിച്ചത്. എന്നാൽ പുതുക്കിയ റിംഗ് ബണ്ടിന്റെ ഡിസൈൻ പ്രകാരമുള്ള നിരക്കും 07.09.2020-ലെ കരാർ പ്രകാരമുള്ള നിരക്കും തമ്മിൽ വ്യതിയാനം വന്നതിനാൽ കരാറുകാരന്റെ ബിൽ പേയ്മെന്റിന് കാലതാമസം നേരിടുകയും കരാറുകാരൻ കോടതിയെ സമീപിക്കുകയും അനുകൂല ഉത്തരവ് ലഭിക്കുകയും ചെയ്തു. പേയ്മെന്റ് ലഭിക്കാനുണ്ടായ കാലതാമസം പ്രവൃത്തിയുടെ പുരോഗതിയെയും ബാധിച്ചു.<br><br>കരാറുകാരൻ പദ്ധതിയുടെ ബിൽ തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതിയെ സമീപിക്കുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കിഫ്ബി ബിൽ തുക കരാറുകാരന് അനുവദിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനായി കിഫ്ബിയുടെ നിർദ്ദേശ പ്രകാരം പുതുക്കിയ രൂപരേഖ, പരിശോധനയ്ക്കായി കോഴിക്കോട് എൻ.ഐ.ടി.യിൽ സമർപ്പിക്കുകയും, എൻ.ഐ.ടി. സാങ്കേതിക വിദഗ്ധർ പദ്ധതി പ്രദേശം സന്ദർശിച്ചു പുതുക്കിയ രൂപരേഖയ്ക്കുള്ള അംഗീകാരം നൽകുകയും ചെയ്തു. പ്രസ്തുത രൂപരേഖ പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് ടെക്നിക്കൽ കമ്മിറ്റി അംഗീകരിക്കുകയും, ആയത് കിഫ്ബിയിലേക്ക് അംഗീകാരത്തിനായി സമർപ്പിച്ചു. 29.01.2026-ന് കിഫ്ബി ആയതിന് അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്.<br><br>പദ്ധതി പുനരാരംഭിക്കുന്നതിന്റെ മുന്നോടിയായി കിഫ്ബി അംഗീകാരം ലഭിച്ച എസ്റ്റിമേറ്റ് പ്രകാരമുള്ള അനുബന്ധ കരാർ നടപ്പിലാക്കുന്നതിനും പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതി പ്രവൃത്തികൾ ഉടൻ തന്നെ പുനരാരംഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ